**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5356** **31/10/2016-ൽ മറുപടിയ്ക്ക്**

## ആശ്രിത നിയമന പ്രകാരം വിജീഷിന് ജോലി

| ചോദ്യം<br><br>ശ്രീ.എൻ.ഷംസുദ്ദീൻ | | ഉത്തരം<br><br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിൽ എലപ്പുള്ളി സി.എച്ച്.സി യിൽ നേഴ്സിംഗ് അസിസ്റ്റന്റ് ആയി ജോലി നോക്കിവരവെ മരണപ്പെട്ട ശ്രീ.വിജയകൃഷ്ണന്റെ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ജി.ഒ(എം.എസ്) നം. 378/2013/ ആ.ക.വ തീയതി 05/09/2013 പ്രകാരം സർക്കാർ ഇറക്കിയ ഉത്തരവ് അനുസരിച്ച് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ)<br>&<br>(ബി) | ആശ്രിതനിയമനത്തിനായി ജി.ഒ(എം.എസ്) നം. 249/2013/പൊ.ഭ.വ തീയതി 02/09/2013 പ്രകാരം ആരോഗ്യ വകുപ്പിൽ 113 ക്ലാർക്കുമാരുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയത് ക്രമീകരിക്കുന്നതിനുള്ള നടപടി പൂർത്തിയായ ശേഷം വരുന്ന ഒഴിവുകളിലേക്ക് നിലവിലെ നിയമങ്ങളുടെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ ഉത്തരവ് ആയി, നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികളുടെ പട്ടികയിൽ ശ്രീ. വിജീഷിന്റെ ക്രമനമ്പർ 55 ആണ്. തദനുസൃതമായി മാത്രമേ നിയമനം നൽകാൻ സാധിക്കുകയുള്ളൂ. |
| (ബി) | ആശ്രിത നിയമനപ്രകാരം മകൻ വിജീഷിന് ജോലി ലഭിക്കുവാൻ ഉണ്ടാകുന്ന കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ആഫീസർ